File hosted by educationobserver.com/forum

445369
Renika

(Pages : 3 + India Map) **1020**

Sl. No. 462409

# S.S.L.C. EXAMINATION, MARCH - 2014

# സാമൂഹ്യശാസ്ത്രം

Time : 2½ Hours Total Score : 80

**നിർദ്ദേശങ്ങൾ :**

- എല്ലാ ചോദ്യങ്ങൾക്കും ഉത്തരം എഴുതണം.
- ഓരോ ചോദ്യവുമായി ബന്ധപ്പെട്ട നിർദ്ദേശങ്ങൾ വായിച്ച് മനസ്സിലാക്കി വേണം ഉത്തരമെഴുതാൻ.
- ഓരോ ചോദ്യത്തിന്റെയും സ്കോർ അതത് ചോദ്യത്തിനു നേരെ നൽകിയിരിക്കുന്നു.
- പതിനഞ്ചു മിനിട്ട് സമാശ്വാസ സമയമായി കണക്കാക്കി ഈ സമയം ചോദ്യങ്ങൾ നന്നായി വായിച്ച് മനസ്സിലാക്കാൻ ശ്രമിക്കണം.

---

Score

1. ലിയനാർഡോ ഡാവിഞ്ചി നവോത്ഥാനകലയെ സമ്പന്നമാക്കി. വിശദമാക്കുക. 3

2. താഴെ കാണുന്നവയുടെ പേരെഴുതുക. 3
   (a) യൂറോപ്പിലെ ആൽപ്സ് പർവ്വത നിരകളിലെ തെക്കൻ ചരിവുകളിൽ വീശുന്ന ശീതക്കാറ്റ്.
   (b) ഏഷ്യയെ യൂറോപ്പിൽനിന്നും വേർതിരിക്കുന്നതും ഏഷ്യയിലെ വടക്കൻ താഴ്നിലയ്ക്ക് പടിഞ്ഞാറു ഭാഗത്ത് സ്ഥിതി ചെയ്യുന്നതുമായ മലനിരകൾ.
   (c) ചെമയുങ് ദുങ് ഹിമാനിയിൽ നിന്നും ഉത്ഭവിക്കുന്ന നദി.

3. കാർഷിക മേഖലയിൽ വാണിജ്യവൽക്കരണം മൂലമുണ്ടായ ദൂഷ്യഫലങ്ങൾ എഴുതുക. 2

4. ഇന്ത്യൻ ജനാധിപത്യം നേരിടുന്ന വെല്ലുവിളികളെക്കുറിച്ച് ഒരു കുറിപ്പ് തയ്യാറാക്കുക. 4

5. (A) രൂപീകരണത്തെ അടിസ്ഥാനമാക്കി മഴയെ മൂന്നായി തരംതിരിച്ചിരിക്കുന്നു. ഏതൊക്കെയാണവ ? ഒരോന്നും രൂപം കൊള്ളുന്നതെങ്ങനെ ? 6

   **അല്ലെങ്കിൽ**

   (B) ഉപദ്വീപീയ നദികൾ അവ ഉത്ഭവിക്കുന്ന പ്രദേശങ്ങൾ, എത്തിച്ചേരുന്ന സമുദ്രം എന്നിവ പട്ടികപ്പെടുത്തുക. ഉപദ്വീപീയ നദികളുടെ സവിശേഷതകൾ സൂചിപ്പിക്കുക.

6. കാർഷിക വിപ്ലവത്തിന്റെ ഏതെങ്കിലും മൂന്ന് സവിശേഷതകൾ എഴുതുക. 3

7. പ്രാഥമികമേഖല, ദ്വിതീയമേഖല, തൃതീയ മേഖല ഇവ തമ്മിലുള്ള ബന്ധം അനുയോജ്യമായ ഒരു ഉദാഹരണത്തിലൂടെ വ്യക്തമാക്കുക. 3

P.T.O.

File hosted by educationobserver.com/forum



Score

8. സെൻസർ എന്നാലെന്ത് ? സെൻസറുകൾ സ്ഥാപിക്കാവുന്ന ഏതെങ്കിലും രണ്ടു പ്രതലങ്ങൾ എഴുതുക. 3

9. കറുപ്പുയുദ്ധങ്ങളുടെ കാരണങ്ങൾ പരിശോധിക്കുക. അതിന്റെ ഫലങ്ങൾ എന്തെല്ലാമായിരുന്നു ? 4

10. വാണിജ്യ ബാങ്കുകളുടെ പ്രധാന ധർമ്മങ്ങൾ എഴുതുക. 2

11. സാർവ്വദേശീയ മനുഷ്യാവകാശ പ്രഖ്യാപനത്തിന്റെ പ്രാധാന്യം വ്യക്തമാക്കുക. ഇതിൽ ഉൾപ്പെടുത്തിയിട്ടുള്ള ഏതെങ്കിലും രണ്ട് അവകാശങ്ങൾ എഴുതുക. 3

12. (A) ഒന്നാം ലോക മഹായുദ്ധത്തിന്റെ പ്രധാന കാരണങ്ങളും ഫലങ്ങളും വിമർശനാത്മകമായി പരിശോധിക്കുക. 6

**അല്ലെങ്കിൽ**

(B) നിയമലംഘന പ്രസ്ഥാനവും ക്വിറ്റിന്ത്യാ പ്രസ്ഥാനവും കേരളത്തിലെ രാഷ്ട്രീയ സമരങ്ങളെ ശക്തിപ്പെടുത്തി. സാധൂകരിക്കുക.

13. മത്സ്യബന്ധനത്തിന് ഏറ്റവും അനുയോജ്യമായ സാഹചര്യങ്ങളാണ് യൂറോപ്പിലുള്ളത്. ഈ പ്രസ്താവന സാധൂകരിക്കുക. 3

14. താഴെ തന്നിരിക്കുന്നവയെക്കുറിച്ച് ലഘുവായി വിവരിക്കുക. 3

(a) കപടയുദ്ധം

(b) മാവോയുടെ ലോംഗ് മാർച്ച്

(c) സോവിയറ്റ് യൂണിയന്റെ തകർച്ച

15. പരിണാമ സിദ്ധാന്തം എന്നാലെന്ത് ? 3

ചാൾസ് റോബർട്ട് ഡാർവിന്റെ രണ്ട് പുസ്തകങ്ങളുടെ പേരെഴുതുക.

16. തെക്ക്-പടിഞ്ഞാറു ദിശയിൽ വീശുന്ന മൺസൂൺ കാറ്റിനെ ഇന്ത്യൻ ഉപദ്വീപ് രണ്ട് ശാഖകളായി വേർതിരിക്കുന്നു. ഏതൊക്കെയാണ് ഈ ശാഖകൾ ? 2

17. പ്രത്യക്ഷ വിദേശ നിക്ഷേപവും വിദേശ സ്ഥാപന നിക്ഷേപവും തമ്മിൽ വ്യത്യാസപ്പെട്ടിരിക്കുന്നതെങ്ങനെ ? 2

18. നാട്ടുരാജ്യങ്ങളുടെ സംയോജനത്തിൽ പട്ടേൽ വഹിച്ച പങ്ക് എന്ന വിഷയത്തെക്കുറിച്ച് ഒരു ലഘു കുറിപ്പ് തയ്യാറാക്കുക. 3

File hosted by educationobserver.com/forum

445369
Devika



Score

19. 'യൂണിവേഴ്സൽ ഫൈബർ' എന്നറിയപ്പെടുന്ന വിളയേതെന്ന് തിരിച്ചറിഞ്ഞ് ഈ വിളയുടെ കൃഷിക്കാവശ്യമായ ഭൂമിശാസ്ത്രഘടകങ്ങളെഴുതുക. 3

20. 'പരിസ്ഥിതി കമാന്റോസ്' എന്നറിയപ്പെടുന്ന അന്താരാഷ്ട്ര ഗവൺമെന്റ് ഇതരസംഘടന ഏത്? ഇതിന്റെ ഏതെങ്കിലും രണ്ടു ലക്ഷ്യങ്ങൾ എഴുതുക. 3

21. സംസ്കാരത്തിന്റെ അർത്ഥം വിശദമാക്കുക. 1

22. ജനസംഖ്യാവർദ്ധനവ് ദാരിദ്ര്യത്തിന് കാരണമാകുന്നു. ജനസംഖ്യാവർദ്ധനവിനാൽ സാമൂഹ്യ ജീവിതത്തിലുണ്ടാകാവുന്ന മറ്റേതെങ്കിലും രണ്ടു പ്രശ്നങ്ങൾ എഴുതുക. 2

23. താഴെ പറയുന്നവയെ കേന്ദ്രനികുതി, സംസ്ഥാന നികുതി, പ്രാദേശിക നികുതി എന്നിങ്ങനെ തരംതിരിച്ച് എഴുതുക. 3

- തൊഴിൽ നികുതി
- സ്റ്റാമ്പ് ഡ്യൂട്ടി
- കസ്റ്റംസ് ഡ്യൂട്ടി

24. 19-ാം നൂറ്റാണ്ടിൽ ഇന്ത്യയിൽ ദേശീയതയുടെ ഉദയത്തിന് വഴിതെളിച്ച ഏതെങ്കിലും രണ്ടു ഘടകങ്ങൾ അപഗ്രഥിക്കുക. 4

25. നിരവധി ബയോമുകൾ ചേർന്നതാണ് ജൈവ മണ്ഡലം. ഏതെങ്കിലും രണ്ടു ബയോമുകളും അവയുടെ ഉപഗ്രൂപ്പുകളും എഴുതുക. 2

26. ചുവടെ ചേർത്തിരിക്കുന്ന ഭൂവിവരങ്ങളെ, നൽകിയിട്ടുള്ള ഇന്ത്യയുടെ രൂപരേഖയിൽ, അടയാളപ്പെടുത്തി പേരെഴുതുക. 4

(a) ദക്ഷിണ റയിൽവേയുടെ ആസ്ഥാനം
(b) കണ്ട്ല തുറമുഖം
(c) മാൾവാ പീഠഭൂമി
(d) മഹാനദി

- o 0 o -